# ഖുർആൻ ബോധനം

എ.വൈ.ആർ

622

## സൂറ-14

# ഇബ്റാഹീം

19 ആകാശഭൂമികളെ അല്ലാഹു യാഥാർഥ്യമായി സൃഷ്ടിച്ചു നിലനിർത്തുന്നത് കണ്ടില്ലെയോ? അവൻ ഇഛിക്കുകയാണെങ്കിൽ നിങ്ങളെ പോക്കിക്കളയുകയും പുതിയൊരു സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാകുന്നു.
20 അപ്രകാരം ചെയ്യുക അവന്ന് ഒട്ടും ദുഷ്കരമല്ല.
21 മർത്യരൊന്നടങ്കം അല്ലാഹുവിന്റെ മുന്നിൽ നേരിട്ടു ഹാജരാകുന്നു. ഈ ലോകത്ത് അശക്തരായിരുന്നവർ ശക്തരായി ചമഞ്ഞിരുന്നവരോട് അന്നേരം ചോദിക്കും: ഭൗതിക ലോകത്ത് നിങ്ങളുടെ അനുയായികളായിരുന്നുവല്ലോ ഞങ്ങൾ. ഇപ്പോൾ ഞങ്ങൾ ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന് വല്ലതും ചെയ്തു തരാൻ നിങ്ങൾക്കാകുമോ? അവർ പ്രതിവചിക്കും: വല്ല രക്ഷാമാർഗവും അല്ലാഹു ഞങ്ങൾക്ക് കാണിച്ചു തന്നിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങളതു നിങ്ങൾക്കും കാണിച്ചുതരുമായിരുന്നു. ഇനിയിപ്പോൾ നമ്മൾ വെപ്രാളപ്പെട്ട് വിലപിച്ചാലും ക്ഷമിച്ചു നിന്നാലും ഒരുപോലെയാകുന്നു. നമുക്ക് രക്ഷപ്പെടാൻ ഒരു പഴുതുമില്ല.

أَلَمْ تَرَ أَنَّ ٱللَّهَ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِن يَشَأْ يُذْهِبْكُمْ
وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٩﴾
وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٍ ﴿٢٠﴾
وَبَرَزُوا۟ لِلَّهِ جَمِيعًا فَقَالَ ٱلضُّعَفَٰٓؤُا۟ لِلَّذِينَ ٱسْتَكْبَرُوٓا۟ إِنَّا كُنَّا لَكُمْ
تَبَعًا فَهَلْ أَنتُم مُّغْنُونَ عَنَّا مِنْ عَذَابِ ٱللَّهِ مِن شَىْءٍ ۚ قَالُوا۟ لَوْ
هَدَىٰنَا ٱللَّهُ لَهَدَيْنَٰكُمْ ۖ سَوَآءٌ عَلَيْنَآ أَجَزِعْنَآ أَمْ صَبَرْنَا مَا لَنَا مِن
مَّحِيصٍ ﴿٢١﴾

أَلَمْ تَرَ = നീ കണ്ടില്ലെയോ أَنَّ ٱللَّهَ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ = അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചു (നിലനിർത്തുന്നത്)
بِٱلْحَقِّ = സത്യംകൊണ്ട്(യാഥാർഥ്യമായി) إِن يَشَأْ = അവൻ ഇഛിക്കുകയാണെങ്കിൽ
يُذْهِبْكُمْ = നിങ്ങളെ പോക്കും (പോക്കിക്കളയുകയും) وَيَأْتِ = കൊണ്ടുവരികയും ചെയ്യുന്നു(ന്നതാകുന്നു) بِخَلْقٍ = ഒരു സൃഷ്ടിയെ
جَدِيدٍ = പുതിയതായ وَمَا ذَٰلِكَ = അത് (അപ്രകാരം ചെയ്യുക)അല്ല عَلَى ٱللَّهِ = അല്ലാഹുവി(ന്ന്)ന്റെ മേൽ
بِعَزِيزٍ = ജയിക്കാനാവാത്തത്(ഒട്ടും ദുഷ്കരം) وَبَرَزُوا۟ = അവർ മറയില്ലാതെ പ്രത്യക്ഷരായി (മർത്യർ നേരിട്ടു ഹാജരാകുന്നു)
لِلَّهِ = അല്ലാഹുവിന്ന്(ന്റെ മുന്നിൽ) جَمِيعًا = ഒന്നടങ്കം فَقَالَ = പറഞ്ഞു (അന്നേരം ചോദിക്കും)
ٱلضُّعَفَٰٓؤُا۟ = അശക്തർ(ആയിരുന്നവർ) (ഈലോകത്ത്)

لِلَّذِينَ ٱسْتَكْبَرُوٓا = വലിപ്പം ഭാവിച്ചവരോട് (ശക്തന്മാരായി ചമഞ്ഞിരുന്നവരോട്) إِنَّا كُنَّا = (ഇഹലോകത്ത്) ഞങ്ങൾ ആയിരുന്നു
لَكُمْ = നിങ്ങളുടെ تَبَعًا = അനുയായികൾ فَهَلْ أَنتُم = (നിങ്ങൾക്കു കഴിയുമോ) നിങ്ങൾ ആണോ
مُّغْنُونَ = (ഇപ്പോൾ വല്ലതും ചെയ്തു തരാൻ) പ്രതിരോധിക്കുന്നവർ, പ്രയോജനപ്പെടുന്നവർ عَنَّا = ഞങ്ങൾക്കുവേണ്ടി
مِنْ عَذَابِ ٱللَّهِ = (ഞങ്ങൾ രക്ഷപ്പെടുന്നതിന്ന്) അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് مِن شَىْءٍ = (വല്ലതും) ഒരു കാര്യത്തിൽനിന്ന്
قَالُوا۟ = (പ്രതിവചിക്കും) അവർ പറഞ്ഞു لَوْ هَدَىٰنَا ٱللَّهُ = അല്ലാഹു ഞങ്ങൾക്ക് (വല്ല മാർഗവും) കാണിച്ചു തന്നിരുന്നുവെങ്കിൽ
لَهَدَيْنَٰكُمْ = തീർച്ചയായും ഞങ്ങൾ(അത്) നിങ്ങൾക്ക്(ക്കും) കാണിച്ചു തരുമായിരുന്നു
سَوَآءٌ عَلَيْنَآ = (ഇപ്പോൾ) നമ്മുടെ മേൽ ഒരു പോലെയാകുന്നു أَجَزِعْنَآ = നമ്മൾ വെപ്രാളപ്പെട്ടുവോ(പ്പെട്ടു വിലപിച്ചാലും)
أَمْ صَبَرْنَا = അതല്ലെങ്കിൽ നമ്മൾ ക്ഷമിച്ചുവോ(ക്ഷമിച്ചു നിന്നാലും)
مَا لَنَا = നമുക്കില്ല مِن مَّحِيصٍ = (രക്ഷപ്പെടാൻ ഒരു പഴുതും) രക്ഷാസ്ഥാനത്താൽ

**19,20:** പ്രബോധിത സമൂഹത്തിന്റെ ചിന്തയെ തട്ടിയുണർത്തുകയും ഒപ്പം സ്വധർമത്തിൽനിന്ന് വ്യതിചലിച്ചവരുടെ പരിണതിയെക്കുറിച്ചു താക്കീതു ചെയ്യുകയുമാണീ സൂക്തം. ഈ പ്രപഞ്ച സൃഷ്ടിയിലടങ്ങിയ യുക്തിദീക്ഷയും ലക്ഷ്യോന്മുഖതയും, അതിന്റെ ഘടകങ്ങൾ തമ്മിലുള്ള പരസ്പരാശ്രിതത്വവും പരസ്പര പൂരകത്വവും യുക്തിയുക്തതയും നിറഞ്ഞ ഘടന നിങ്ങൾ കാണുന്നില്ലേ? പ്രാപഞ്ചിക വസ്തുക്കളെ ശ്രദ്ധിച്ചു നോക്കിയാൽ അവയെല്ലാം സോദ്ദേശ്യം സൃഷ്ടിക്കപ്പെട്ടതും ഒരേ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നതുമാണെന്നും അതൊന്നും ഏതെങ്കിലും കളികുട്ടിയുടെ കളിക്കോപ്പുകളല്ലെന്നും അനായാസം ഗ്രഹിക്കാവുന്നതാണ്. നിങ്ങളുടെ അസ്തിത്വത്തിലും ഈ സോദ്ദേശ്യതയും പാരസ്പര്യവും കാണാം. പ്രപഞ്ചത്തിലെ മനുഷ്യേതര സൃഷ്ടികൾ അബോധപൂർവം അതിന്റെ ധർമം നിർവഹിച്ചുകൊണ്ട് സ്വന്തം ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യന്ന് അവന്റെ വാഴ്വിന്റെ ചില വശങ്ങളിൽ ഇഛാസ്വാതന്ത്ര്യവും ക്രിയാസ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. സ്വാതന്ത്ര്യം നൽകിയ വശങ്ങളിൽ അവൻ ബോധപൂർവം തന്റെ ലക്ഷ്യം കണ്ടെത്തുകയും മാർഗം തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതുണ്ട്. സ്രഷ്ടാവ് ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ ഈ ഭൂമുഖത്ത് നിങ്ങളെ വാഴിച്ചത്, ആ ലക്ഷ്യത്തിൽനിന്നും ധർമത്തിൽനിന്നും നിങ്ങൾ തികച്ചും വ്യതിചലിച്ചുപോയിരിക്കുന്നു. ഈ രീതിയിൽ തന്നെ മുമ്പോട്ടു പോവുകയാണെങ്കിൽ നിങ്ങളെ ഭൂമുഖത്തുനിന്ന് തുടച്ചു നീക്കി അല്ലാഹു ഉദ്ദേശിച്ച ലക്ഷ്യവും ധർമവും നിറവേറ്റാൻ യോഗ്യരായ മറ്റൊരു ജനതയെ ഉയർത്തിക്കൊണ്ടുവരും. അല്ലാഹുവിന്ന് ഒട്ടും ക്ലേശമുള്ള നടപടിയല്ല അത്. അത്തരം നടപടികളിൽനിന്ന് അവനെ തടയാൻ കഴിയുന്നവരും ആരുമില്ല. അപരിമേയമാണവന്റെ അധികാരവും ശക്തിയും. ഏറെ ദയാലുവും കരുണാമയനുമായതോടൊപ്പം തന്നെ അവൻ കർക്കശനായ നീതിപാലകനുമാകുന്നു. അതിനാൽ ജീവിതത്തിന്റെ സകലതുറകളിൽനിന്നും നീതിയും ന്യായവും നിർമാർജനം ചെയ്ത ജനതകളെ ഭൂമിയിൽനിന്ന് നിർദ്ദാക്ഷിണ്യം നിർമാർജനം ചെയ്യാൻ അവന്ന് ഒരു വിഷമവുമില്ല.

മൂലത്തിലെ بِٱلْحَقِّയുടെ ഭാഷാർഥം 'സത്യം കൊണ്ട്' എന്നാണ്. حقّ ന്ന് ന്യായം, നീതി, അവകാശം, ബാധ്യത എന്നിങ്ങനെ നിരവധി അർഥങ്ങളുള്ളതായി നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. പ്രപഞ്ചത്തെ യാഥാർഥ്യം കൊണ്ട് അല്ലെങ്കിൽ നീതി, ന്യായം, അവകാശം..... കൊണ്ട് സൃഷ്ടിച്ചു എന്നു പറയുന്നതിന് രണ്ടു മാനമുണ്ട്. ഒന്ന് പ്രപഞ്ചസൃഷ്ടി മായയല്ല. ദൈവത്തിന്റെ വെറുമൊരു ലീലാവിലാസവുമല്ല. അതു തികഞ്ഞ യാഥാർഥ്യമാണ്. രണ്ട്, പ്രപഞ്ച സൃഷ്ടി അല്ലാഹു നീതി നിഷ്ടമായും ന്യായമായും അവകാശ പൂർവം ചെയ്ത നടപടിയാണ്. അതിലെ സൃഷ്ടികൾക്ക് ചില അവകാശങ്ങളുണ്ട്. ബാധ്യതകളുമുണ്ട്. നീതിപൂർവവും അവകാശ ബാധ്യതകളാൽ ബന്ധിതവുമായി ഉളവാക്കപ്പെട്ട സൃഷ്ടി ഒരിക്കലും നിരർഥകമായ പാഴ്വേലയാകുന്നില്ല. അതിന്ന് കൃത്യമായ ലക്ഷ്യമുണ്ടായിരിക്കും. ആ ലക്ഷ്യത്തിലെത്താനുള്ള വ്യക്തമായ മാർഗവുമുണ്ടായിരിക്കും. ഈയടിസ്ഥാനത്തിൽ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ എന്ന വാക്യത്തെ പ്രപഞ്ചത്തെ അല്ലാഹു സോദ്ദേശ്യം യുക്തയുക്തമായി നീതിപൂർവം സൃഷ്ടിച്ചിരിക്കുന്നു എന്ന അർഥത്തിൽ മനസ്സിലാക്കാവുന്നതാണ്.

പ്രപഞ്ച വസ്തുക്കൾക്കിടയിലെ രഞ്ജിപ്പ്, അവ തമ്മിലുള്ള ബന്ധം, പരസ്പരം ആശ്രയിച്ചും പൂരിപ്പിച്ചുമുള്ള നിലനിൽപ്, ഒരേ പരിണതിയിലേക്കുള്ള പ്രയാണം ഇതൊക്കെ ആഴത്തിൽ വീക്ഷിക്കുന്നവർക്ക് പ്രപഞ്ചം അവ്യവസ്ഥിതവും അർഥശൂന്യവുമാണെന്നോ, ഒന്നിലധികം സ്രഷ്ടാക്കളുടെ സൃഷ്ടിയാണെന്നോ കരുതാനാവില്ല. *അന്നഹ്ൽ* 3-ാം സൂക്തത്തിൽ പറയുന്നു: خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ تَعَٰلَىٰ عَمَّا يُشْرِكُونَ

(ആകാശ ഭൂമികളെ അവൻ യാഥാർഥ്യമായി സൃഷ്ടിച്ചു നിലനിർത്തിയിരിക്കുന്നു. ജനം ആരോപിക്കുന്ന പങ്കാളിത്തത്തിന് അതീതനായ അത്യുന്നതനാണവൻ). *അദ്ദുഖാൻ* 38-ാം സൂക്തത്തിൽ പറഞ്ഞു:

وَمَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا لَٰعِبِينَ

(ആകാശ ഭൂമികളെയും അവയ്ക്കിടയിലുള്ള സകലതിനെയും നാം വിനോദമായി സൃഷ്ടിച്ചിട്ടുള്ളതല്ല).

പ്രപഞ്ചം മായയല്ല; കളിയല്ല, യാഥാർഥ്യമാണ്; കാര്യമാണ് എന്നു കണ്ടെത്തുന്നത് പ്രപഞ്ച സ്രഷ്ടാവിനെ തിരിച്ചറിയാനുള്ള മാർഗമാണ്. പക്ഷേ, ചിലയാളുകൾ പ്രപഞ്ച നിരീക്ഷണത്തെ പ്രപഞ്ച സ്രഷ്ടാവിനെ നിഷേധിക്കാനുള്ള ന്യായമായും ഉന്നയിക്കുന്നു. യുഗയുഗാന്തരങ്ങളായി സൂര്യചന്ദ്രന്മാർ ഒരേ രീതിയിൽ നിലനിൽക്കുന്നു. ഒരു സ്രഷ്ടാവും നിയന്താവും ഉണ്ടായിരുന്നെങ്കിൽ അതിൽ പരിവർത്തനങ്ങളും പരിഷ്കരണങ്ങളുമുണ്ടാകുമായിരുന്നു. ഗ്രഹങ്ങളുടെയും ഉപഗ്രഹങ്ങളു

ടെയും കറക്കം കേവലം യാന്ത്രികമാണെന്നാണ് അവയുടെ ചലനസ്ഥിരതയിൽനിന്ന് മനസ്സിലാക്കേണ്ടത്. വേറെ ചിലർ വിചാരിക്കുന്നു: പ്രപഞ്ചം ഒരു സ്രഷ്ടാവ് സൃഷ്ടിച്ചു പരിപാലിച്ചു കൊണ്ടിരിക്കുന്നതാണെങ്കിൽ അതിൽ ഒരുവിധ താളപ്പിഴയും ഉണ്ടാവാൻ പാടില്ലാത്തതാണ്. പക്ഷേ, മഹാഗ്രഹങ്ങളിൽ മുതൽ ഭൂമിയിലെ കൊച്ചു മനുഷ്യരുടെ സൃഷ്ടിയിൽ വരെ പലവിധ താളപ്പിഴകളുമുണ്ടായിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ ഭൂമിയിലെ വായുവും വെള്ളവും ക്ഷോഭിക്കുന്നു. യുക്തിമാനും നീതിമാനുമായ ഒരു സ്രഷ്ടാവ് ചില സൃഷ്ടികളെ അന്ധരും ചിലരെ ബധിരരും വേറെ ചിലരെ ഒറ്റക്കണ്ണനും ഒറ്റക്കാലനുമൊക്കെയായി സൃഷ്ടിക്കുമോ?

ഒരു കൂട്ടർ നിരീശ്വരത്തിന് തെളിവായി പ്രപഞ്ചത്തിന്റെ മാറ്റമില്ലായ്മയെ ചൂണ്ടിക്കാണിക്കുമ്പോൾ മറ്റേ കൂട്ടർ മാറ്റത്തെയാണ് തെളിവാക്കുന്നത്. ഈ വൈരുധ്യം തന്നെ രണ്ടു കൂട്ടരുടെയും ന്യായത്തെ അസാധുവാക്കുന്നു. രണ്ടു കൂട്ടരും മുൻധാരണകൾ മാറ്റിവെച്ച് ഉൾക്കണ്ണ് തുറന്നു പ്രപഞ്ചത്തെ നോക്കുകയാണെങ്കിൽ പ്രപഞ്ചത്തിന്റെ സ്ഥിരസ്വഭാവത്തെയും അതിൽ ഉണ്ടാകുന്ന അപവാദങ്ങളെയും വിശദീകരിക്കാൻ സത്യവിശ്വാസം- ഈമാൻ അടിസ്ഥാനപരമായ അനിവാര്യതയാണെന്നറിയാൻ കഴിയും. അല്ലാഹുവിന്റെ കഴിവിന്റെയും അധികാരത്തിന്റെയും അപരിമേയത കൂടി കണക്കിലെടുത്തുകൊണ്ടുവേണം അവന്റെ നടപടികളെ വിലയിരുത്താൻ. പ്രപഞ്ചത്തിലെങ്ങാണ്ടൊരിടത്തിരിക്കുന്ന മനുഷ്യൻ തന്റെ പരിമിതമായ സാഹചര്യം സമ്മാനിക്കുന്ന പരിമിതമായ ജ്ഞാനം കൊണ്ടുണ്ടാക്കുന്ന നിയമങ്ങളും വ്യവസ്ഥകളും അവനു ബാധകമാകുന്നില്ല. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നതിനെയും യുഗയുഗാന്തരങ്ങൾ മാറാതെ നിൽക്കുന്നതിനെയും സൃഷ്ടിക്കാൻ മാത്രമല്ല, രണ്ടിനെയും കൂട്ടിയിണക്കി പ്രവർത്തിപ്പിക്കാനും അവന്നു കഴിയുന്നു. നമുക്ക് സ്വന്തം അസ്തിത്വത്തിൽ തന്നെ അതിന്റെ ദൃഷ്ടാന്തങ്ങൾ കാണാം.

വാനലോകത്ത് സൂര്യചന്ദ്രാദിഗോളങ്ങൾ യാതൊരു മാറ്റവുമില്ലാതെ ഒരേ അവസ്ഥയിൽ നിലനിൽക്കുകയും ഒരേ ഭ്രമണപഥത്തിൽ ചരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സൂര്യന്റെയും ചന്ദ്രന്റെയും ഈ സ്ഥിരതയെ ആശ്രയിച്ചാകുന്നു ഭൂമിയിൽ തികച്ചും അസ്ഥിരനായി ജനിമൃതി മാറ്റങ്ങളിലൂടെ മനുഷ്യൻ നിലനിൽക്കുന്നത്. ചില പദാർഥങ്ങൾ മാറ്റത്തിലൂടെ പുതുതാവുകയും പെരുകുകയും ചെയ്യുന്നു. ഉദാഹരണം സസ്യലതാദികൾ. ഈ പരിവർത്തന പ്രക്രിയയും മനുഷ്യന്റെ നിലനിൽപിന്നാധാരമാകുന്നു. മറ്റു ചില വസ്തുക്കൾ, മൂലം നിലനിർത്തിക്കൊണ്ട് തന്നെ രൂപത്തിലും സ്വഭാവത്തിലും മാറ്റങ്ങൾ സ്വീകരിക്കുന്നു. ഉദാഹരണം കല്ല്, മണ്ണ് തുടങ്ങിയ അചേതന പദാർഥങ്ങൾ. ഈ സ്ഥിര പദാർഥങ്ങളും അസ്ഥിര പദാർഥങ്ങളും പരിവർത്തനക്ഷമമായ പദാർഥങ്ങളും എല്ലാം ചേർന്നാണ് ഭൂമിയെ മനുഷ്യവാസ യോഗ്യമാക്കുന്നത്. ഈ മൂന്നു തരം പദാർഥങ്ങളിലോരോന്നിന്റെയും നിലനിൽപും മറ്റുള്ളവയെ ആശ്രയിച്ചിരിക്കുന്നു. ഇത്രയൊക്കെ ആസൂത്രിതമായി പ്രപഞ്ചത്തെയും അതിൽ മനുഷ്യനെയും സൃഷ്ടിച്ച അല്ലാഹുവിന്, മനുഷ്യർ സൃഷ്ടിക്കപ്പെട്ടതിന്റെ ലക്ഷ്യം നിറവേറ്റാതെ അവർക്ക് നൽകിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നുവെങ്കിൽ, അവരെ മാറ്റി ഉദ്ദിഷ്ട ലക്ഷ്യം നിറവേറ്റാൻ യോഗ്യരായ മറ്റൊരു വിഭാഗത്തെ തൽസ്ഥാനത്ത് സ്ഥാപിക്കാൻ എന്തു പ്രയാസം?

**21:** بروزൽ നിന്നുള്ള ക്രിയയാണ് برزوا. മറനീക്കി പ്രത്യക്ഷപ്പെടുകയാണ് بروز. പുരുഷന്മാരുടെ മുന്നിൽ പർദയില്ലാതെ പ്രത്യക്ഷപ്പെടുന്ന സ്ത്രീയെ ബർസ -برزة എന്നു പറയും. ജനങ്ങളൊന്നടങ്കം അല്ലാഹുവിന് വെളിപ്പെടും എന്നാണ് وَبَرَزُواْ لِلَّهِ جَمِيعًا എന്ന വാക്യത്തിന്റെ ഭാഷാർഥം. മനുഷ്യൻ വിചാരണ സഭയിൽ ഹാജരാകുന്നതിനെ ഈ വാക്കുകളിൽ അവതരിപ്പിച്ചതിൽ ചില പ്രത്യേക ധ്വനികളുണ്ട്. അല്ലാഹുവിനും അവർക്കുമിടയിൽ മറയോ മധ്യവർത്തികളോ ഉണ്ടാവില്ല. ഭൗതികലോകത്ത് അവർക്കുണ്ടായിരുന്ന പരിവാരങ്ങളും സംരക്ഷകരും ഉണ്ടായിരിക്കുകയില്ല. തങ്ങൾക്കുണ്ടെന്ന് അവർ അഹങ്കരിച്ചിരുന്ന പ്രതാപം, അധികാരം, കഴിവുകൾ, തങ്ങളെ രക്ഷിക്കാൻ തങ്ങളാരാധിച്ചിരുന്ന ദൈവങ്ങളും ശിപാർശകരുമുണ്ടായിരിക്കുമെന്ന പ്രതീക്ഷ തുടങ്ങിയ എല്ലാ അവിദ്യകളിൽനിന്നും വ്യാമോഹങ്ങളിൽനിന്നും മുക്തരായ നിലയിൽ തീരെ അശക്തരും നിസ്സഹായരുമായി മനുഷ്യർ അല്ലാഹുവിന്റെ മുന്നിൽ വിചാരണക്ക് ഹാജരാകേണ്ട ഒരുനാൾ വരുന്നുണ്ട്. ആചാര്യന്മാരും നേതാക്കളും സർവാധികാരികളും വിജിഗീഷുക്കളുമായി വാണവരും, അത്തരക്കാരാൽ നയിക്കപ്പെട്ട ദുർബലരും അടിച്ചമർത്തപ്പെട്ടവരും അടിമകളുമെല്ലാം അക്കൂട്ടത്തിലുണ്ടാവും. എല്ലാവരുടെയും അവസ്ഥ ഒരു പോലെയായിരിക്കും. ഇഹലോകത്ത് തങ്ങളെ തെറ്റായ വിശ്വാസങ്ങളിലൂടെയും ആദർശങ്ങളിലൂടെയും കർമപദ്ധതികളിലൂടെയും നയിച്ച നേതാക്കളോടും അധികാരികളോടും ആ പാവങ്ങൾ ചോദിക്കും. ഇഹലോകത്ത് ഞങ്ങളുടെ രാജാക്കന്മാരും നേതാക്കന്മാരുമായിരുന്നുവല്ലോ നിങ്ങൾ. നിങ്ങളെ അനുസരിച്ചും ആരാധിച്ചും ജീവിച്ച ഞങ്ങൾ എത്തിപ്പെട്ടിരിക്കുന്ന അവസ്ഥയാണിത്. ഈ ദുർഗതിയിൽനിന്ന് രക്ഷപ്പെടാൻ വല്ലതും ചെയ്തുതരാൻ നിങ്ങൾക്കു കഴിയുമോ? കഴിയുമെങ്കിൽ ഉടനെ അതു ചെയ്തു ഞങ്ങളെ രക്ഷിക്കേണം. ഞങ്ങളും നിങ്ങളെപ്പോലെ തന്നെ പീഡിതരും നിസ്സഹായരുമായ അവസ്ഥയിലാണെന്നാണ് നേതാക്കളുടെ മറുപടി. ഭൗതിക ലോകത്തുണ്ടായിരുന്ന അധികാരവും പ്രതാപവും ശക്തിയുമൊന്നും ഞങ്ങൾക്കിവിടെയില്ല. ഇവിടെ അധികാരവും ശക്തിയും പ്രതാപവുമൊക്കെ സമ്പൂർണമായി അല്ലാഹുവിനു മാത്രമുള്ളതാകുന്നു. ഇവിടെ ഞങ്ങൾക്ക് സ്വന്തമായി ഒരു രക്ഷാമാർഗം ആസൂത്രണം ചെയ്യാനോ നടപ്പിലാക്കാനോ കഴിയില്ല. വല്ല മാർഗവും കാണണമെങ്കിൽ അത് അല്ലാഹു തന്നെ കാണിച്ചു തരേണം. അവൻ അങ്ങനെ വല്ല മാർഗവും കാണിച്ചു തന്നിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങളതു നിങ്ങൾക്കും കാണിച്ചു തരുമായിരുന്നു. രക്ഷപ്പെട്ടു എന്ന അർഥമുള്ള حاص യുടെ ക്രിയാനാമമാണ് محيص. സ്ഥലനാമം (اسم مكان) ആയും ഇതുപയോഗിക്കും. അപ്പോൾ രക്ഷാസ്ഥാനം, രക്ഷാമാർഗം എന്നർഥമാകുന്നു.

അന്ത്യനാളിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ഇവിടെ കഴിഞ്ഞു പോയ സംഭവങ്ങളെന്നപോലെ قالو – برزوا എന്നിങ്ങനെ ഭൂതകാലക്രിയാ വചനങ്ങളിലാണവതരിപ്പിച്ചിരിക്കുന്നത്. സംഭവിച്ചു കഴിഞ്ഞതുപോലെ ഉറപ്പായ കാര്യങ്ങളായതുകൊണ്ടാണത്. വക്താവായ അല്ലാഹു കാലാതീതനായതുകൊണ്ട് അവന്റെ മുമ്പിൽ ഭൂത-ഭാവി-വർത്തമാന വിവേചനങ്ങൾ പ്രസക്തമല്ലാത്തതുകൊണ്ടുമാവാം. ■